**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777</u>** **<u>09-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>നെല്ല് സംഭരണം വേഗത്തിലാക്കാനുള്ള നടപടികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞാലുടൻ നെല്ല് സംഭരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കാമോ; | (എ) | നെല്ല് സംഭരണം സുഗമമായി നടപ്പിലാക്കുന്നതിനായി ഫീൽഡ്തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രൊക്യൂർമെൻറ് അസിസ്റ്റൻറ് തസ്തികകളിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ എല്ലാ ജില്ലകളിലേയ്ക്കുമായി സപ്ലൈകോ നിയോഗിക്കുകയും പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിക്കുന്നതിന് മുൻപേ തന്നെ നെല്ല് സംഭരിക്കുന്നതിനായി മില്ലുകൾക്ക് പാടശേഖരങ്ങൾ അനുവദിച്ച് നൽകുകയും പാടശേഖരങ്ങളിൽ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്ക് തന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തിരം സപ്ലൈകോ നെല്ല് സംഭരിക്കുകയും ചെയ്യുന്നു. |
| (ബി) | നെല്ല് കൈകാര്യം ചെയ്ത് അരിയാക്കുന്ന ഇനത്തിൽ മില്ലുടമകൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; | (ബി) | 2021-22 സീസണിൽ കൂലി ഇനത്തിൽ 56 മില്ലുകൾക്ക് 05.12.2022 വരെ 53.32 കോടി രൂപ മില്ലുകൾക്കായി നൽകിയിട്ടുണ്ട്. മില്ലുകൾ സമർപ്പിച്ച ബില്ലുകൾ സൂക്ഷ്മ പരിശോധന നടത്തി ബാക്കി തുക കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൈാര്യച്ചെലവ് വർദ്ധിപ്പിക്കണമെന്ന ആവശ്യം മില്ലുടമകൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഉന്നയിച്ചിട്ടുണ്ട്. വിഷയം പരിശോധനയിലാണ്. |
| (ഡി) | മിൽ ഉടമകളുടെ വിലപേശൽ ഒഴിവാക്കി സർക്കാർ തന്നെ നെല്ല് സംഭരണത്തിന് സ്ഥിര സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മില്ലുകളെ ഒഴിവാക്കി സർക്കാർ നേരിട്ട് സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ